**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1000** **11-02-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ ഇരിണാവ് ഡാം പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ മടക്കര പുഴയിൽ നിർമ്മിച്ച ഇരിണാവ് ഡാം പാലം കാലപ്പഴക്കത്താൽ തകർന്നതിനാൽ പ്രസ്തുത പാലം ഉപ്പുവെള്ള പ്രതിരോധത്തിന് മാത്രം ഉപയോഗിക്കുന്നതിനായി ഷട്ടറുകൾ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കുന്നതിന് വിദഗ്ധ സമിതി പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇരിണാവ് റഗുലേറ്റർ കം ബ്രിഡ്ജ് 1964 ൽ നിർമ്മിച്ചതാണ്. കാലപ്പഴക്കം കൊണ്ടും വർഷങ്ങളായുള്ള ഉപ്പുവെള്ളവുമായുള്ള നിരന്തര സമ്പർക്കം കാരണവും ആർ.സി.ബി.യുടെ ഷട്ടറുകൾ പൂർണ്ണമായും നശിച്ച് ഉപയോഗശൂന്യമാണ്. കൂടാതെ പാലത്തിന്റെ പല ഭാഗങ്ങളിലും കോൺക്രീറ്റ് പൊട്ടിപ്പൊളിഞ്ഞ് പോയതായും കാണുന്നുണ്ട്. നിലവിൽ പൊതുമരാമത്ത് വിഭാഗം പ്രസ്തുത ആർ.സി.ബിയ്ക്ക് മുകൾ ഭാഗത്തായി പാലം നിർമ്മിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള ആർ.സി.ബി റെഗുലേറ്റർ മാത്രമായി നിലനിർത്തിയാൽ മതിയാകും. എന്നാൽ നശിച്ച് ഉപയോഗശൂന്യമായ ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കണമെങ്കിൽ നിലവിലുള്ള ആർ.സി.ബി യുടെ ബലം പരിശോധിക്കേണ്ടതുണ്ട്. പ്രസ്തുത ആർ.സി.ബി യുടെ ബലം പരിശോധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി ഡയറക്ടർ, KERI, Peechi-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ